മിസ്റ്റർ കെ. കൃഷ്ണവാര്യർ *(Director of Agriculture)*.—സ്ഥിരം ക്ലെിക്കാരിൽ ഇതിനു നിശ്ചയിച്ചിട്ടുള്ള ആളുകളുണ്ട്.

Appointments—Agriculture Department—particulars regarding.

൨൨൩. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ:—

(എ) മിസ്റ്റർ കെ. കൃഷ്ണവാരിയർ കൃഷിവകുപ്പദ്ധ്യക്ഷനായതിനു ശേഷം ഇതുവരെ ആകെ നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയുണ്ടെന്നു പറയാമോ;

(ബി) ആ വകുപ്പിൽ ഇദ്ദേഹത്തിന്റെ കാലത്തു് ഉദ്യോഗങ്ങൾക്കു അപേക്ഷിച്ചവരുടെ ഓരോരുത്തരുടേയും അപേക്ഷത്തിയ്യതി, പരീക്ഷായോഗ്യതകൾ ഇവകൾ കാണിക്കുന്ന ഒരു caste war statement മേശപ്പുറത്തു വെക്കാമോ;

(സി) ഇദ്ദേഹത്താൽ നിയമിതരായവരുടെ അപേക്ഷത്തിയ്യതി, നിയമനത്തിയ്യതി, പരീക്ഷായോഗ്യതകൾ, ശമ്പളത്തോതു്, നിയമിക്കപ്പെട്ട ഉദ്യോഗകാലാവധി ഇവകൾ പ്രത്യേകം പ്രത്യേകം കാണിക്കുന്ന ഒരു caste-war statement മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ കെ. കൃഷ്ണവാരിയർ *(Director of Agriculture)*.—

(എ) മിസ്റ്റർ കൃഷ്ണവാരിയർ കൃഷിഡയറക്ടരായതിനുശേഷം കൃഷി ഡിപ്പാർട്ടുമെണ്ടിൽ നടത്തീട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ച ഒരു പട്ടിക താഴെചേർക്കുന്നു:—

൧.	ബ്രാഹ്മണൻ	൬
൨.	നായന്മാർ	൩൨
൩.	എഴുത്തച്ഛന്മാർ	൪
൪.	ഈഴവർ	൨൨
൫.	ആശാരി	൬
൨൨.	പുലയർ	൨
൭.	കൃസ്തുമതത്തിലേക്കു മാറിയ പുലയർ	൬
൮.	കൃസ്ത്യാനികൾ	൨൨
൯.	തമിഴ് കൃസ്ത്യാനി	൬
൧൦.	മുഹമ്മദീയർ	൪
൧൧.	തമിഴ് ചെട്ടി	൬
൧൨.	വെള്ളാളപിള്ള	൬

LIBRARY ARCHIVES Kerala Legislative Assembly

൪൩. വെള്ളത്തേടൻ	൧
൪൪. കണ്ണാടക തമിഴർ	൨
൪൫. ഉള്ളാടൻ	൧
ആകെ	൫൨

(ബി, സി) ഇവയ്ക്കു ശരിയായ മറുപടി നൽകണമെങ്കിൽ കഴിഞ്ഞ അഞ്ചുകൊല്ലത്തെ റിക്കാർട്ടുകൾ പരിശോധിക്കയും ആയ്തിന്നു അധികം സമയം ചിലവാക്കയും ചെയ്യണം. എന്നാൽ ഇങ്ങിനെ സമയം കളഞ്ഞു ദീർഘമായ ഒരു ലിസ്റ്റ് തയ്യാറാക്കിയാൽതന്നെ അതിൽനിന്നു പബ്ലിക്കിനെന്നോ, ഗവൺമെണ്ടിനെന്നോ ഗുണപ്രദമായ യാതൊരു ഫലവും ഉണ്ടാവാൻ ഇടയുണ്ടെന്നു തോന്നുന്നതുമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— ഒരു വെള്ളത്തേടനെ വച്ചിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. ഏതുദ്യോഗത്തിന്നാണ് ഈ വെള്ളത്തേടനെ വച്ചിരിക്കുന്നതു്?

മിസ്റ്റർ കെ. കൃഷ്ണവായ്യർ (*Director of Agriculture*).—അറാറൻടറായിട്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— അലക്കുവാനല്ല അല്ലേ?

മിസ്റ്റർ കെ. കൃഷ്ണവായ്യർ (*Director of Agriculture*).— ആ പണി ഡിപ്പാർട്ടുമെൻറിലില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ നിയമനങ്ങളിൽ ൪൫ ക. രൂ മേലെയുള്ള എത്ര ഉദ്യോഗങ്ങൾ ഉണ്ടു്.

മിസ്റ്റർ കെ. കൃഷ്ണവായ്യർ (*Director of Agriculture*).— നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ൫൦ ഈഴവരെ നിയമിച്ചിട്ടുള്ളവരിൽ ൪൫ രൂപായിൽ കൂടുതൽ ശമ്പളത്തിൽ ആരെങ്കിലും ഉണ്ടോ?

മിസ്റ്റർ കെ. കൃഷ്ണവായ്യർ (*Director of Agriculture*).— ഒരാളുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Vadakkancheri*).— ഈ നിയമനങ്ങൾ നടത്തുമ്പോൾ ജാതി തിരിച്ചുള്ള സമ്പ്രദായമനുസരിച്ചല്ലേ ചെയ്യുന്നതു്?

മിസ്റ്റർ കെ. കൃഷ്ണവായ്യർ (*Director of Agriculture.*)— അതെ.

Village Officers—allowances—increasing of.

224. Mr. T. C. Iyyukutty (*Pazhanji*).—Will the Government be pleased to state whether they have increased the

LIBRARY ARCHIVES Kerala Legislative Assembly